## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4356** **17.12.2014**-ൽ മറുപടിക്ക്

### ആലപ്പുഴയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

**ചോദ്യം** **മറുപടി**

ശ്രീ. ജി. സുധാകരൻ

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പുഴയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന പ്രവർത്തനങ്ങൾ/ ഗവേഷണങ്ങൾ എന്തൊക്കെ യാണ് ; വിശദമാക്കുമോ; | (എ) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, കേരളാ യൂണിറ്റ്, ആലപ്പുഴയിൽ പ്രധാനമായും നാല് വിധ പ്രവർത്തനങ്ങളാണ് നടത്തുന്നത്.<br>1. **ഡയഗ്നോസിസ് :-** നാൽപതിൽ അധികം വൈറസുകളുടെ പരിശോധനകളും അപഗ്രഥനങ്ങളും നടത്തുന്നു.<br>2. **ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ:-** പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോൾ അതുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ ശേഖരിക്കുക. സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ നിർദ്ദേശപ്രകാരമോ അല്ലാതെയോ നടത്തുന്നു.<br>3. **സർവയിലൻസ് സ്റ്റഡി : -** ഇൻഫ്ലുവൻസാ പനി, ജപ്പാൻ ജ്വരം മുതലായ പകർച്ചവ്യാധികളേയും അവ പരത്തുന്ന വെക്ടറുകളുടേയും നിരീക്ഷണ പഠനങ്ങൾ നടത്തുന്നു.<br>4. **ബേസിക് റിസർച്ച് : -** മനുഷ്യനെ ബാധിക്കുന്ന വിവിധ വൈറസുകളെ ക്കുറിച്ചുള്ള അടിസ്ഥാന പഠനങ്ങൾ നടത്തുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് എന്തെങ്കിലും ഫണ്ട് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ദൈനംദിന പ്രവർത്തനങ്ങൾക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനെ നൽകുന്ന ഫണ്ടും ഡയഗ്നോസിസ്, സർവയിലൻസ് സ്റ്റഡി ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി ഐ.സി.എം. ആർ (ICMR) നൽകുന്ന ഫണ്ടുകളുമാണ് പ്രയോജനപ്പെടുത്തുന്നത്. |
| (സി) | ആവശ്യത്തിന് കെട്ടിടങ്ങളും സ്ഥലസൗകര്യവും ഇല്ലാത്തത് ഈ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം | (സി) | നിലവിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, കേരളാ യൂണിറ്റ് പ്രവർത്തിക്കുന്നത് വണ്ടാനം TDMC ആശുപത്രി നൽകിയിട്ടുള്ള പരിമിതമായ |

| | | | |
|---|---|---|---|
| | സൃഷ്ടിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തി പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | | സ്ഥലത്താണ്. സ്ഥലപരിമിതി പഠനങ്ങളേയും പരിശോധനകളേയും അതുപോലെ മറ്റ് ഗവേഷണ പ്രവർത്തനങ്ങളേയും നന്നായി ബാധിക്കുന്നുണ്ട്. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല. |
| (ഡി) | പക്ഷിപ്പനിപോലുള്ള രോഗങ്ങൾ കേരളത്തിൽ പിടിപെടുന്ന സാഹചര്യത്തിൽ പക്ഷികളിലും മൃഗങ്ങളിലും രോഗം പരത്തുന്ന വൈറസുകളെ കണ്ടെത്തു ന്നതിനും പരിശോധന നടത്തുന്നതിനും ആവശ്യമായ സംവിധാനം പ്രസ്തുത സ്ഥാപനത്തിൽ സജ്ജമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ഡി) | ഇപ്പോൾ ഈ സ്ഥാപനം ഒരു BSL -2 (ബയോ സേഫ്റ്റി ലെവൽ -2) ലാബ് ആണ്. ഇതു BSL -3 നിലവാരമാക്കി ഉയർത്തുകയാണെങ്കിൽ പക്ഷികളിലും മൃഗങ്ങളിലും രോഗം പരത്തുന്ന വൈറസുകളെ കണ്ടെത്തുവാനും പരിശോധനകൾ നടത്തുവാനും ഒപ്പം പ്രതിരോധ പ്രവർത്തന ത്തനങ്ങൾക്ക് ആവശ്യമായ ഗവേഷണങ്ങൾ നടത്തുവാനും സാധിക്കും. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. |
| (ഇ) | പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശി ക്കുന്നത്? | (ഇ) | പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**